**കേരള ഇലക്ട്രിസിറ്റി എംപ്ളോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)**
**രജി.നമ്പർ 01-14/87 – അഫി : നമ്പർ 10485**
**വി.പി മരയ്ക്കാർ സ്മാരകമന്ദിരം, അംബുജവിലാസം റോഡ്**
**തിരുവനന്തപുരം -1**

**പ്രസിഡന്റ്** — **ജനറൽ സെക്രട്ടറി**
**കെ.പി.ധനപാലൻ Ex.M.P** — **സിബിക്കുട്ടി ഫ്രാൻസിസ്**

തിരുവനന്തപുരം
11.09.2014

**നമ്പർ. 5/2014**

## സർക്കുലർ

സുഹൃത്തേ,

യാദൃശ്ചികമായി പ്രഖ്യാപിച്ച ബന്ദിനെതുടർന്ന് 2.9.2014 ൽ കൂടുവാൻ തീരുമാനിച്ചിരുന്ന സ്റ്റേറ്റ് കൗൺസിൽ നടത്തുവാൻ സാധിച്ചില്ല. മീറ്റിംഗ് മാറ്റിവച്ച വിവരം 1-ാം തീയതി തന്നെ എല്ലാവരേയും അറിയിച്ചിരുന്നു. എം.എസ്.റാവുത്തർ അനുസ്മരണം, റഫറണ്ടം, Member Details തുടങ്ങിയ സുപ്രധാന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനു വേണ്ടിയാണ് കൗൺസിൽ നടത്തുവാൻ തീരുമാനിച്ചിരുന്നത്.

### എം.എസ്.റാവുത്തർ അനുസ്മരണം

നമ്മുടെ പ്രിയപ്പെട്ട റാവുത്തർ സാർ നമ്മെ വിട്ടുപിരിഞ്ഞിട്ട് സെപ്തംബർ മാസം 27 ന് ഒരു വർഷം തികയുകയാണ്. വാർഷിക അനുസ്മരണം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുവാൻ ഓണം അവധിക്ക് ശേഷം ഒരു കൗൺസിൽ കൂടി തീരുമാനങ്ങൾ പ്രാവർത്തികമാക്കാൻ പ്രയോഗിക ബുദ്ധിമുട്ടുള്ളതുകൊണ്ട് പ്രസിഡന്റുമായി കൂടിയാലോചിച്ചശേഷം ജനറൽ സെക്രട്ടറി നേരിട്ട് എല്ലാ ജില്ലകളിലും ഫോണിലൂടെ ബന്ധപ്പെട്ട് ഈ വിഷയം ചർച്ച ചെയ്തു. എല്ലാ ജില്ലകളിൽ നിന്നുമുള്ള അഭിപ്രായം അനുസരിച്ച് വാർഷിക അനുസ്മരണം ജില്ലാതലത്തിൽ നടത്തുവാൻ എല്ലാവരും നിർദ്ദേശിച്ചു. സംസ്ഥാന തലത്തിലുള്ള അനുസ്മരണം തിരുവനന്തപുരം ജില്ല ഏറ്റെടുത്തു നടത്തുവാനും ഭാരവാഹികൾ നിർദ്ദേശിച്ചു. ഇതു സംബന്ധിച്ച് പൊതുവായ നിർദ്ദേശങ്ങൾ താഴെ ചേർക്കുക്കുന്നു.

1. അനുസ്മരണം സെപ്തംബർ 27 -ാം തീയതി തന്നെ നടത്തണം. ഇത് ചർച്ച ചെയ്യുന്നതിനായി എല്ലാ ജില്ലകളിലും ഈ മാസം 18 ന് മുമ്പ് ജില്ലാ കമ്മിറ്റികൾ വിളിച്ചു ചേർക്കണം.
2. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കോൺഗ്രസ്സിന്റെയും INTUC യുടെയും നേതാക്കളെ പങ്കെടുപ്പിക്കണം
3. മുൻ കമ്മിറ്റി തീരുമാനപ്രകാരം റാവുത്തർ സാറിന്റെ പേരിൽ സൗജന്യ വൈദ്യുതി കണക്ഷൻ (എം.എസ്. റാവുത്തർ മെമ്മോറിയൽ കണക്ഷൻ) കൊടുക്കുവാനായി സാമ്പത്തികമായി ബുദ്ധിമുട്ടുള്ള ആളെ കണ്ടുപിടിച്ച് അവർക്ക് കണക്ഷൻ ലഭിക്കുവാനുള്ള എല്ലാ നടപടികളും ഡിവിഷൻ കമ്മിറ്റി പൂർത്തിയാക്കി, 27 ലെ ചടങ്ങിൽ ഉപഭോക്താവിന് Consumer card നൽകണം. ഈ പ്രോഗ്രാം പ്രത്യേകമായാണ് നടത്തുന്നതെങ്കിൽ കോൺഗ്രസ്സിന്റെ MLA, MP പ്രദേശിക നേതാക്കൻമാർ തുടങ്ങിയവരെ പങ്കെടുപ്പിക്കണം. "എം.എസ്.റാവുത്തർ മെമ്മോറിയൽ കണക്ഷൻ" എന്ന സ്റ്റിക്കർ മീറ്റർ ബോക്സിൽ പതിക്കണം. പ്രസ്തുത കണക്ഷൻ നൽകുന്നതുവഴി അതത് സ്ഥലങ്ങളിലുള്ള കോൺഗ്രസ്സിന്റെ/UDFന്റെ ജനപ്രതി നിധികൾക്ക് അംഗീകാരം കിട്ടുന്ന രീതിയിൽ കാര്യങ്ങൾ നടത്തണം.
4. എല്ലാ ഓഫീസുകളിലും അനുസ്മരണത്തിന്റേതായ പോസ്റ്റർ പതിക്കണം. ഫ്ളക്സ് ബോർഡ് വയ്ക്കണം.
5. എം.എസ്.റാവുത്തറുടെ ഫോട്ടോ അനുസ്മരണ ദിവസം എല്ലാ ഡിവിഷൻ ഓഫീസുകളിലും വയ്ക്കണം
6. എല്ലാ അംഗങ്ങളും അന്നേ ദിവസം ബാഡ്ജ് ധരിക്കണം. (പോസ്റ്ററിന്റെയും ബാഡ്ജിന്റെയും ഫോർമാറ്റ് സൈറ്റിൽ ഇടുന്നതാണ്)
7. സംസ്ഥാന കമ്മിറ്റിയുടേതായി നൽകുന്ന സൗജന്യ വൈദ്യുതി കണക്ഷൻ കൊടുക്കുവാൻവേണ്ട നടപടികൾ സഹായങ്ങൾ തിരുവനന്തപുരം ജില്ലാ കമ്മിറ്റി നടത്തണം.
8. എല്ലാ പ്രോഗ്രാമുകളുടെയും ഫോട്ടോ എടുക്കണം. ജില്ലാ തലത്തിൽ പത്രവാർത്ത നിർബന്ധമായും കൊടുക്കണം.
9. ജയ്ഹിന്ദ് ചാനലിന്റെ "അമ്മയ്ക്കൊരു ഓണക്കോടി" പ്രോഗ്രാമിന് അനുസ്മരണത്തിന്റെ ഭാഗമായി 20,000 രൂപ നൽകി. ചാനലിന്റെ ഉത്തരവാദിത്തപ്പെട്ടവർ യൂണിയനോഫീസിൽ വച്ച് തുക ഏറ്റുവാങ്ങി. പ്രസ്തുത ചടങ്ങ് അന്നേ ദിവസവും തൊട്ടടുത്ത ദിവസവും ചാനൽ സംപ്രേക്ഷണം ചെയ്തിരുന്നു.

### വൈദ്യുതിഭവൻ മാർച്ച്

വിവിധ ഫോട്ടോ ഉൾപ്പെടുത്തിയ പോസ്റ്റർ ഇതിനോടകം ഡിവിഷൻ തലത്തിൽ എത്തിച്ചിട്ടുണ്ട്. പോസ്റ്റർ എല്ലാ ഓഫീസുകളിലും ഒട്ടിക്കണം.

### റഫറണ്ടം

റഫറണ്ടം നടത്തുന്നതിലേയ്ക്ക് സംഘടനകൾ ലേബർ ഓഫീസർ മുമ്പാകെ കത്ത് നൽകണമെന്ന് ചെയർമാനുമായി നടത്തിയ ചർച്ചയിൽ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ കത്ത് നൽകിയാൽ ജനുവരിയിൽ റഫറണ്ടം

നടത്താനാകും. അതിനായി നമ്മുടെ സംഘടനയിലുള്ള അംഗങ്ങളുടെ വിശദ വിവരങ്ങൾ സംബന്ധിച്ച അപേക്ഷാ ഫോം ചുരുക്കം ചില ഡിവിഷൻ കമ്മിറ്റികളിൽ നിന്ന് മാത്രമേ ലഭിച്ചിട്ടുള്ളു. എല്ലാ ഡിവിഷനിൽ നിന്ന് കിട്ടിക്കഴിഞ്ഞാൽ അത് പാർട്ടി തലത്തിൽ കാണിച്ച് അംഗീകാരം വാങ്ങിയതിനുശേഷം മാത്രമേ ഇത് സംബന്ധിച്ച കത്ത് ലേബർ ഓഫീസർക്ക് നൽകുകയുള്ളു. അതുകൊണ്ട് ഇക്കാര്യത്തിൽ മുന്തിയ പരിഗണന നൽകി ഉടൻ ഫോം എത്തിക്കണം. Membership/Membership Details സംസ്ഥാന കമ്മിറ്റി ഓഫീസ് സ്വീകരിക്കുന്ന മുറയ്ക്ക് എല്ലാ അംഗങ്ങൾക്കും Message വരുന്നതാണ്. ഈ മെസ്സേജിലുള്ള Employee code ഉൾപ്പടെയുള്ള കാര്യങ്ങൾ ഓരോരുത്തരും പരിശോധിക്കണം. Identity card ഉണ്ടാക്കുന്നത് ഇതിനെ ആശ്രയിച്ചായി രിക്കും.

"ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു ഫോം ഉടൻ എത്തിക്കണം Please"

**Member Details:-** യൂണിയൻ സൈറ്റിലൂടെ Membership Details ചേർക്കാൻ സാധിക്കുന്നവർ അത് സ്വന്തമായി ചെയ്യണം. യൂണിയൻ ഓഫീസുമായി ബന്ധപ്പെട്ടാൽ Passworđ ലഭിക്കുന്നതാണ്.

**ഡയറി 2014**

കുടിശ്ശിക തരാനുള്ളവർ ഉടൻ എത്തിക്കണം. കുടിശ്ശികയുടെ ലിസ്റ്റും ഉടൻതന്നെ അയച്ച് തരുന്നതാണ്. ഡയറി 2014 ന്റെ ഓർഡർ ഫോം ഉടൻ എത്തിക്കുന്നതാണ്.

**ത്രികക്ഷി കരാർ**

ആഗസ്റ്റ് 1 ന് ത്രികക്ഷി കരാർ ഒപ്പ് വച്ചു. ജൂലായ് 31 ന് രണ്ട് മണിയോടുകൂടിയാണ് ഇത് സംബന്ധിച്ച അറിയിപ്പ് ബോർഡിൽനിന്നും കിട്ടിയത്. അപ്പോൾതന്നെ എല്ലാ ഭാരവാഹികൾക്കും മെസ്സേജ് അയച്ചു. ഫോണിലൂടെയും വിവരം അറിയിച്ചു. കരാറിൽ രണ്ടാമതായി ഒപ്പ് വച്ചതുവഴി (CITU ന് ശേഷം) കോൺഫെഡറേഷനെ ഈ സ്ഥാപനത്തിലെ രണ്ടാമത്തെ സംഘടനയായി ഗവൺമെന്റും മന്ത്രിയും ബോർഡും അംഗീകരിച്ചതായി തെളിഞ്ഞു. ഓരോ സംഘടനയിൽ നിന്നും 2 പേർ ഒപ്പ് വച്ചു. പ്രസിഡന്റിന്റെ അസൗകര്യംമൂലം അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം ജനറൽ സെക്രട്ടറിയും ട്രഷററും കരാറിൽ ഒപ്പ് വച്ചു. കരാറിന്റെ കോപ്പി യൂണിയൻ സൈറ്റിലുണ്ട്. കരാറിനെ തുടക്കം മുതൽ എതിർത്തവർപോലും ഒപ്പ് വച്ചു. കൂടാതെ അവർ നോട്ടീസും പോസ്റ്ററും ഇറക്കി എന്നുള്ളത് നമ്മുടെ നിലപാടുകളുടെ വിജയമാണ്. ഇതു സംബന്ധിച്ച് കോൺഫെഡറേഷൻ തുടക്കത്തിൽ തന്നെ നോട്ടീസ് ("UDF സുരക്ഷ") പുറത്തിറക്കിയിരുന്നു.

**പ്രമോഷൻ**

വർക്കറിൽ നിന്നും ലൈൻമാനിലേയ്ക്കുള്ള (LM II) ഉദ്ദേശം 480 പ്രമോഷനുകൾ ഉടൻ നടത്തുമെന്ന് ചെയർമാനുമായുള്ള ചർച്ചയിൽ ഉറപ്പ് ലഭിച്ചിരുന്നു. അതിൻപ്രകാരം LM II ൽ നിന്നും LM I ലേക്കുള്ള 325 പ്രമോഷൻ 5.9.2014 ൽ പുറത്തിറങ്ങി. ഇനിയുള്ള പ്രമോഷൻ ഉത്തരവ് ഉടൻതന്നെ ഉണ്ടാകും. SE (C) to AE, SA to SS, SE to AE തുടങ്ങിയ വിവിധ "കരിയർ സ്റ്റാഗ്നേഷൻ" ഒഴിവാക്കുന്നതിനുള്ള എല്ലാ പ്രമോഷനുകളും ഉടൻ പരിഗണിക്കാമെന്ന് ചെയർമാനുമായുള്ള ചർച്ചയിൽ ഉറപ്പ് ലഭിച്ചിട്ടുണ്ട്.

**വൈദ്യുതി നിയമം 2003 Amendment (ട്രേഡ് യൂണിയനുകളുടെയും ഓഫീസർ സംഘടനകളുടെയും സംയുക്ത യോഗം)**

വൈദ്യുതി നിയമം 2003 Amendment ചെയ്യുവാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ച് അടുത്ത സീസണിൽ പാർലമെന്റിൽ ചർച്ച നടക്കും. പുതിയ നിർദ്ദേശങ്ങൾ നടപ്പിലായാൽ ഡിസ്ട്രിബ്യൂഷൻ മേഖല ഇല്ലാതാകും. സപ്ലെയർ, ഏജൻസി എന്നിങ്ങനെ പല വിഭാഗങ്ങളാകും. കേരളത്തെ സംബന്ധിച്ചിടത്തോളം വൈദ്യുതി ഉത്പ്പാദനം പ്രധാന വിഷയമാണ്. ഇതിനെതിരെ പ്രതിഷേധിക്കുവാൻ സംയുക്ത ട്രേഡ് യൂണിയനുകൾ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കേരളത്തിൽ വൈദ്യുതി മേഖലയിൽ എല്ലാ സംഘടനകളും (വർക്കേഴ്സ് അസോസിയേഷൻ, ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ, വൈദ്യുത് മസ്ദൂർ സംഘ്, ഓഫീസേഴ്സ് അസ്സോസിയേഷൻ, പവർ ബോർഡ് ഓഫീസേഴ്സ് ഫെഡറേഷൻ) ഐക്യത്തോടെ സംസ്ഥാന കൺവെൻഷൻ സെപ്തംബർ 19 ന് തിരുവനന്തപുരത്ത് BTR ൽ വച്ച് നടക്കുന്നതാണ്. ഇതിന് മുന്നോടിയായി ജില്ലാ തലങ്ങളിൽ യോഗം നടക്കും. യോഗങ്ങളിൽ കോൺഫെഡറേഷൻ പ്രതിനിധി സംസാരിക്കണം. എല്ലാ ജില്ലകളിലും നമ്മുടെ സംഘടന ഇതിനോട് സഹകരിക്കണം. നവംബറിൽ പാർലമെന്റ് മാർച്ചും നടത്തുന്നുണ്ട്. ഇതു സംബന്ധിച്ച് സംയുക്ത സർക്കുലർ യൂണിയന്റെ സൈറ്റിലുണ്ട്. (Menu:- Union News/Notice/ (Circular)). കോൺഫെഡറേഷൻ ഉയർത്തിയ "ജലവൈദ്യുത പദ്ധതികൾ പുനരാരംഭിക്കണണം" എന്ന മുദ്രാവാക്യം നമ്മുടെ നിർദ്ദേശ പ്രകാരം സംയുക്ത ട്രേഡ് യൂണിയനുകളുടെ ആവശ്യങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പേ റിവിഷൻ കമ്മിറ്റി സെപ്തംബർ 2-ാം തീയതി ഉച്ചയ്ക്ക് ശേഷം കൂടാനിരുന്നത് നടന്നില്ല. ആയതിനാൽ എല്ലാ ഡിവിഷനുകളിൽ നിന്നും പുതിയ ശമ്പള പരിഷ്ക്കരണം നടത്താനായി എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിക്കുവാനുണ്ടെങ്കിൽ അത് എത്രയും പെട്ടെന്ന് ജനറൽ സെക്രട്ടറിയെ രേഖാമൂലം അറിയിക്കണം.

വിശ്വാസപൂർവ്വം,

**ജനറൽ സെക്രട്ടറി**